ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൻ) :

(എ) ഉവ്വ്, ഇതു് ഏതു സമ്പ്രദായത്തിൽ വേണമെന്നുള്ള കാര്യം ഇൻഡ്യാ ഗവണ്മെൻറിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പര്യാലോചനയിൽ ഇരിക്കുകയാണു്.

(ബി) അടുത്ത സെഷനു മുമ്പു തീരുമാനം എടുക്കുവാൻ സാധിക്കുമെന്നു വിശ്വസിക്കുന്നു.

പുതിയ പഞ്ചായത്തുകൾ.

*634. [43] ശ്രീ. പി. കെ. അബ്ദുൽഖാദർ: താഴെ കാണുന്ന ചോദ്യം തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തു് ആക്ടു് അനുസരിച്ചു് രൂപീകരിക്കപ്പെട്ടതായ പഞ്ചായത്തുകളിൽനിന്നും, ഏതെങ്കിലും പഞ്ചായത്തിന്റെ ഭാഗങ്ങൾ വിഭജിച്ചോ കൂട്ടിച്ചേർത്തോ പുതിയ പഞ്ചായത്തുകൾ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പഞ്ചായത്തുകൾ;

(സി) അതിനു ഗവണ്മെൻറിനെ പ്രേരിപ്പിച്ച കാരണങ്ങൾ എന്തെല്ലാം;

(ഡി) കൊടുങ്ങല്ലൂർ താലൂക്കിലെ രണ്ടു പഞ്ചായത്തുകൾ പുനർവിഭജനം നടത്തണമെന്നു ഗവണ്മെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ആ കാര്യം എന്തെന്നു് ഇരിക്കുന്നു?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഉണ്ടു്.

(ബി) തിരുനാട്ടു്, തലപ്പിള്ളി എന്നീ പഞ്ചായത്തുകളിലെ ചില ഭാഗങ്ങളും പഞ്ചായത്തു രൂപീകരിക്കുമ്പോൾ ഭാഗമായിരുന്ന പൂങ്ങോർ, പനച്ചിപ്പുറം എന്നീ ഭാഗങ്ങളും കൂട്ടിച്ചേർത്തു് വലിയകുമാരമംഗലം, തിരുവായി, പൂങ്ങോർ, പനച്ചിപ്പുറം, ഈരാറ്റുപേട്ട എന്നീ നാലു പഞ്ചായത്തുകളായി രൂപീകരിച്ചിട്ടുണ്ടു്.

(സി) തദ്ദേശവാസികളുടെ നിവേദനങ്ങളും പ്രാദേശികാവശ്യങ്ങളും പരിഗണിച്ചു്.

(ഡി) നിവേദനം ലഭിച്ചിട്ടുണ്ടു്.

(ഇ) ഈ കാര്യം ഗവണ്മെൻറിന്റെ ഉത്തേജിതമായ പരിഗണനയിലിരിക്കുകയാണു്.

**Timber supply to Industrial Concerns.**

*635. [44] **Shri M. P. Menon:** Will the Home Minister be pleased to state :

(*a*) whether it is the policy of Government to give timber to Industrial Concerns in the State at reduced or concessional rate ;

(*b*) whether the Government have given any quantity of timber to the Tata Oil Mills Co. Ltd., Ernakulam ; and

LIBRARY ARCHIVES Kerala Legislative Assembly